റിപ്പോർട്ട്

കെ.എ ഫൈസൽ

# മൈക്രോഫിനാൻസ് ശിൽപശാല

**ആഗസ്റ്റ്** 1 മുതൽ 4 വരെ ഹൈദരാബാദിൽ ഹ്യൂമൻവെൽഫെയർ ഫൗണ്ടേഷനും (ന്യൂദൽഹി) അർറഹ്മ ഫൗണ്ടേഷനും സംയുക്തമായി 'പലിശ രഹിത മൈക്രോഫിനാൻസിംഗ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച അഖിലേന്ത്യാ ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരമുണ്ടായി. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 65 പേരാണ് ക്യാമ്പിൽ സംബന്ധിച്ചത്. തെരഞ്ഞെടുക്കപ്പെട്ടവരിലധികവും പലിശരഹിതസ്ഥാപനങ്ങൾ, മൈക്രോ ഫൈനാൻസിംഗ് സംരംഭങ്ങൾ എന്നിവക്ക് നേതൃത്വം നൽകുന്നവരായിരുന്നു. അൽഖൈർ കോ-ഓപ്പറേറ്റീവ് ആന്റ് ക്രെഡിറ്റ് സൊസൈറ്റിക്ക് നേതൃത്വം നൽകുന്ന അർഷദ് അജ്മലായിരുന്നു കോ-ഓഡിനേറ്റർ. ജമാഅത്തെ ഇസ്ലാമി അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിൽ വിഷൻ 2016-ന്റെ ഭാഗമായാണ് ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്.

മൈക്രോഫിനാൻസിംഗ് സ്ഥാപനങ്ങൾ ഇന്ന് ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള സമ്പദ് വ്യവസ്ഥയിൽ ക്രിയാത്മകമായ ഇടപെടലുകൾ സാധ്യമാക്കുന്ന സംവിധാനങ്ങളാണ് അവ. ഇന്ന് നിലനിൽക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളിലധികവും പലിശാധിഷ്ഠിതമാണ്. ഉത്തമ മാതൃകയായി കൊട്ടിഘോഷിക്കപ്പെടുന്ന, 1976-ൽ ഡോ. മുഹമ്മദ് യൂനുസ് സ്ഥാപിച്ച ഗ്രാമീൺ ബാങ്കിന്റെ പോലും പ്രവർത്തനം പലിശാധിഷ്ഠിതമാണ്. പലിശരഹിത മൈക്രോഫിനാൻസിംഗ് സ്ഥാപനങ്ങൾ ഇസ്ലാമിക പ്രസ്ഥാനങ്ങൾക്ക് ജനകീയ സ്വഭാവം കൈവരുന്നതിന് ഏറെ സഹായകമാണ്. അത് മുസ്ലിംകൾക്ക് മാത്രമല്ല രാജ്യനിവാസികളായ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്പെടുന്ന വിധത്തിൽ സംവിധാനിക്കപ്പെടണം. ഇതിനാവശ്യമായ പഠന/പ്രായോഗിക രീതികളാണ് ക്യാമ്പിൽ ചർച്ച ചെയ്യപ്പെട്ടത്.

ജിദ്ദയിലെ ഇസ്ലാമിക് ബാങ്കിൽ ഏറെക്കാലം സേവനമനുഷ്ഠിച്ച പ്രമുഖ ഇസ്ലാമിക സമ്പദ് ശാസ്ത്രജ്ഞൻ ഡോ. ഔസാഫ് അഹ്മദ് (ദൽഹി) ക്യാമ്പിന്റെ മുഖ്യകാര്യദർശികളിലൊരാളായിരുന്നു. ഇന്ത്യൻ സാഹചര്യത്തിൽ പലിശരഹിത മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ ഘടനയും പ്രവർത്തനരീതിയും എന്തായിരിക്കണമെന്ന ചർച്ചയോടെയാണ് ക്യാമ്പ് ആരംഭിച്ചത്. ഇത്തരം സാമ്പത്തിക സ്ഥാപനങ്ങളുടെ ലഘുചരിത്രം ഡോ. ഔസാഫ് അഹ്മദ് അവതരിപ്പിച്ചു. 1964-ൽ ജർമനിയിലാണ് ഈ ചിന്തക്ക് തുടക്കം കുറിച്ചത്. 1900ൽ ക്യൂബയിലും 1964-ൽ ഈജിപ്തിലും ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു. 1980-കളോടെയാണ് ഇവ അന്താരാഷ്ട്ര ശ്രദ്ധ നേടിയത്. ഗ്രാമീൺ ബാങ്കിന്റെ പ്രവർത്തനങ്ങളാണ് ഇതിന് സഹായകമായത്. ഇന്ന് ഗ്രാമീൺ ബാങ്കിന് ബംഗ്ലാദേശിൽ രണ്ടായിരത്തിലധികം ശാഖകളുണ്ട്. 310 ബില്ല്യൻ ടാക്കയാണ് വായ്പയായി നൽകിയിട്ടുള്ളത്. വായ്പ നേടിയവരിലധികവും സ്ത്രീകളാണ്. അതിനാൽ തന്നെ തിരിച്ചടവിന്റെ തോത് വളരെ കൂടുതലാണ് (98.5%). ലോകത്ത് വികാസം പ്രാപിച്ചിട്ടുള്ള ഇസ്ലാമിക് ബാങ്കുകളുടെ പ്രധാന ദൗർബല്യം ഡോ. ഔസാഫ് ചൂണ്ടിക്കാട്ടിയത് ശ്രദ്ധേയമായിരുന്നു. അവ ഉള്ളവർക്ക് വേണ്ടി ഉള്ളവരാൽ നടത്തപ്പെടുന്ന സംവിധാനമായി തുടരുകയാണ്. അവയിൽ നിന്നും വളരെ വിദൂരത്താണ് ഇന്നും പാവങ്ങൾ. ഈ അകലം കുറക്കാൻ പലിശരഹിത ചെറുവായ്പാ സംവിധാനങ്ങൾക്ക് സാധിക്കുന്നതാണെന്നും ഡോ. ഔസാഫ് അഭിപ്രായപ്പെട്ടു. പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞനും ലോകബാങ്ക് കൺസൾട്ടന്റുമായ ശശിഭൂഷൺ സദസ്സിനോട് സംവദിച്ചു.

ക്യാമ്പിന്റെ ഔപചാരികമായ ഉദ്ഘാടനം ഹൈദരാബാദിലെ പ്രമുഖ ഹോട്ടലായ ഗോൽകൊണ്ടയിലാണ് നടന്നത്. ഇന്ത്യയിൽ ചെറുകിടവായ്പാ സംവിധാനങ്ങളുടെ അതികായൻ എന്നറിയപ്പെടുന്ന വിജയ് മഹാജനായിരുന്നു ഉദ്ഘാടനപരിപാടിയിലെ മുഖ്യ ശ്രദ്ധാകേന്ദ്രം. സമൂഹത്തോടുള്ള ബാധ്യതാനിർവഹണത്തിന്റെ ഭാഗമായാണ് ബേസിക്സ്, പ്രധാൻ എന്നീ വായ്പാസംരംഭങ്ങൾ താൻ ആരംഭിച്ചതെന്ന് വിജയ് മഹാജൻ പറഞ്ഞു. പലിശരഹിതവ്യവസ്ഥ നീതിയിലധിഷ്ഠിതമായ ധനവിതരണ സംവിധാനമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോ-ഓപ്പറേറ്റീവ് സംവിധാനങ്ങളുടെ പഠനത്തിനാണ് രണ്ടാം ദിവസം നീക്കിവെച്ചത്. പാറ്റ്നയിലെ പലിശരഹിതവായ്പാ സംവിധാനമായ 'അൽഖൈർ' ഒരു കേസ് സ്റ്റഡിയായി അവതരിപ്പിക്കപ്പെട്ടു. പാറ്റ്നയിൽ 2002-ലാണ് ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ശ്രമഫലമായി അൽഖൈർ ആരംഭിക്കുന്നത്. 2009 മാർച്ചിൽ 2679 അംഗങ്ങളുള്ള ബീഹാറിലെ ശ്രദ്ധേയമായ സൊസൈറ്റിയായി അത് വളർന്നുകഴിഞ്ഞു. കഴിഞ്ഞ സാമ്പത്തികവർഷം 64 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തു. പാവങ്ങൾക്ക് പലിശരഹിത വായ്പ നൽകുന്നതോടൊപ്പം ബിസിനസ് സംരംഭങ്ങളിലും അത് പങ്കാളിത്തം വഹിക്കുന്നു. 99 ശതമാനമാണ് തിരിച്ചടവ് ശേഷി. ക്യാമ്പിന്റെ ഭാഗമായി നടന്ന ഫീൽഡ് സന്ദർശനം വലിയൊരു അനുഭവമായിരുന്നു. ക്യാമ്പംഗങ്ങൾ ആറു ഗ്രൂപ്പുകളായി തിരിഞ്ഞ് രംഗറെഡ്ഡി ജില്ലയിലെ ഗ്രാമങ്ങളിലെ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ സന്ദർശിച്ചു. നാലാം ദിവസം ക്യാമ്പംഗങ്ങളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ചു. മൈക്രോഫിനാൻസിംഗ് സ്ഥാപനങ്ങൾ രൂപപ്പെടുത്തേണ്ട വിധം സംബന്ധിച്ച അവതരണവും ചർച്ചയും നടന്നു. ശേഷം വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്ന പ്രതിനിധികൾ ഒന്നിച്ചിരുന്ന് തങ്ങളുടെ പ്രദേശത്ത് ഇവ ആവിഷ്കരിക്കാൻ സഹായകമാകും വിധം റോഡ്മാപ്പ് ആവിഷ്കരിച്ചു. ജമാഅത്തെ ഇസ്ലാമി അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ ഉമരി, ആന്ധ്രാപ്രദേശ് ഹൽഖാ അമീർ മലിക് മുഅ്തസിം ഖാൻ എന്നിവർ ക്യാമ്പംഗങ്ങളെ അഭിസംബോധന ചെയ്തു. എ.ഐ.സി.എൽ-ന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കെ.കെ അലി വിശദീകരണം നൽകി. ■